**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 729** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ നിക്ഷേപ സമാഹരണയജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിക്ഷേപ സമാഹരണയജ്ഞം സംഘടിപ്പിച്ചിരുന്നോയെന്നും എത്ര രൂപയാണ് ലക്ഷ്യം വച്ചിരുന്നതെന്നും വ്യക്തമാക്കുമോ; | (എ) | സംഘടിപ്പിച്ചിരുന്നു. "സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി" എന്നതായിരുന്നു 2022 ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെ സംഘടിപ്പിച്ച നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ മുദ്രാവാക്യം. 42-ാം മത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ലക്ഷ്യം (ടാർജറ്റ്) 6000 കോടി രൂപയായിരുന്നു. |
| (ബി) | എത്ര രൂപയാണ് നിക്ഷേപമായി ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 42-ാം മത് നിക്ഷേപ സമാഹരണത്തിലൂടെ 9967.43 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലക്ഷ്യത്തേക്കാൾ അധികരിച്ച് നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ റിസർവ്വ് ബാങ്ക് മുന്നറിയിപ്പ് നോട്ടീസ് നിക്ഷേപ സമാഹരണ യജ്ഞത്തെ ബാധിച്ചതായി കണക്കാക്കാൻ കഴിയില്ല. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയാണ് ഇതിലൂടെ തെളിയുന്നത്. |
| (സി) | സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ റിസർവ്വ് ബാങ്ക് മുന്നറിയിപ്പ് നോട്ടീസ് പ്രസിദ്ധീകരിച്ചത് നിക്ഷേപ സമാഹരണത്തെ ഏത് രീതിയിലാണ് ബാധിച്ചതെന്ന് വിശദമാക്കാമോ? | (സി) | 42-ാം മത് നിക്ഷേപ സമാഹരണത്തിലൂടെ 9967.43 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലക്ഷ്യത്തേക്കാൾ അധികരിച്ച് നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ റിസർവ്വ് ബാങ്ക് മുന്നറിയിപ്പ് നോട്ടീസ് നിക്ഷേപ സമാഹരണ യജ്ഞത്തെ ബാധിച്ചതായി കണക്കാക്കാൻ കഴിയില്ല. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയാണ് ഇതിലൂടെ തെളിയുന്നത്. |

സെക്ഷൻ ഓഫീസർ